DESPATCHED
On..26/08/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ സി.പി. 1026(3)/2018/എസ്.ഐ.സി

(ഫയൽ നമ്പർ 11536/എസ്.ഐ.സി-ജി 1/2018)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 25/08/2022

ശ്രീമതി. സി.വി. മൈഥിലി ചോതിഷ,
കീഴാനി മീത്തൽ, പേരാച്ചിക്കുന്ന്,
പൊക്കുന്ന് പി.ഒ,
കോഴിക്കോട് - 673 007
} പരാതി ഹർജിക്കാരി

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട്,
മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ,
കോവൂർ, കോഴിക്കോട് 8.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09.08.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 15.10.2018 |
| ഹർജിക്കാരന്റെ പരാതി കൈപ്പറ്റിയ തീയതി | 15.10.2018 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ പോക്കുന്ന് പേരാച്ചിക്കുന്ന് കീഴാനി മീത്തൽ വീട്ടൽ ശ്രീമതി. സി.വി. മൈഥിലി ചോതിഷ 2018 ഒക്ടോബർ 15-ാം തീയതി

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതി ഹർജി ആണ് ഇത്. പരാതിക്കാരി കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ടിന് വിവരാവകാശ നിയമം 2005 വകുപ്പ് 6(1) പ്രകാരം സമർപ്പിച്ച ഒരപേക്ഷയിൽ 2012 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ സ്ഥാപനത്തിലെ അകിറ്റൻസ് രജിസ്റ്ററിന്റെ പകർപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിന്റെ എല്ലാ രേഖകളും കൃത്യസമയത്ത് അപേക്ഷകയ്ക്ക് ലഭിച്ചില്ലായെന്നും തനിക്ക് ഒരുമാസത്തെ ശമ്പളം ലഭിച്ച വിവരം മാത്രമാണ് അവർ അറിയിച്ചത് എന്നും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ കമ്മീഷൻ ഇടപെടണമെന്നും ശ്രീമതി. മൈഥിലി ചോതിഷ ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് കമ്മീഷൻ സി.പി. 1026(3)/18/എസ്.ഐ.സി (ഫയൽ നമ്പർ 11536/എസ്.ഐ.സിജി1/2018)നമ്പരായി 04-08-2021 തീയതിയിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വിശദീകരണം ലഭിക്കാത്തതിനെ തുടർന്ന് 19/07/2022 കമ്മീഷൻ വീണ്ടും വിശദീകരണം ആവശ്യപ്പെടുകയും വൈകിയതിന്റെ കാരണം ആരായുകയും ചെയ്തിരുന്നു. എന്നാൽ മെഡിക്കൽ കോളേജ് അധികാരിയിൽ നിന്നും മറുപടി ഒന്നും ലഭിച്ചില്ല. തുടർന്ന് 10/08/2022 ന് കമ്മീഷൻ അയച്ച നോട്ടീസ് പ്രകാരം 19/08/2022 ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിംഗിൽ ശ്രീമതി മൈഥിലി ചോതിഷയെയും, കോഴിക്കോട് മെഡിക്കൽ കോളേജ് എസ്.പി.ഐ.ഒ യെയും കമ്മീഷൻ ക്ഷണിച്ചിരുന്നു.

2. ഹിയറിംഗിൽ ശ്രീമതി. മൈഥിലി ചോതിഷ ഹാജരായില്ല. മെഡിക്കൽ കോളേജ് സൂപ്രണ്ടിനു പകരമായി അദ്ദേഹത്തിന്റെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി. ലസിത. കെ എന്നവരെയാണ് അയച്ചത്. മെഡിക്കൽ കോളേജ് സൂപ്രണ്ടും ഡോക്ടറും എന്ന നിലയിൽ അദ്ദേഹത്തിന് തിരക്കുകൾ ഉണ്ടാവും എന്നതു കമ്മീഷൻ മനസ്സിലാക്കുന്നു. ഒഴിച്ചുകൂടാനാവാത്ത അനിവാര്യതകളിൽ ചുമതല ഏൽപ്പിച്ചുവിടുന്നവരെ ഹിയറിംഗുകളിൽ കമ്മീഷൻ പരിഗണിക്കാറുമു

ണ്ട്. എന്നാൽ ഓഫീസർക്ക് ഒഴിവാക്കാനാവാത്ത ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കാനുള്ളപ്പോൾ തനിക്കുവേണ്ടി കമ്മീഷനു മുന്നിൽ തന്റെ ചുമതല തന്നോളം പ്രാപ്തിയോടുകൂടി നിർവ്വഹിക്കാൻ കഴിയുന്ന മറ്റ് ഓഫീസറെ ഔദ്യോഗികമായി ചുമതലപ്പെടുത്തി വിടുകയാണ് ചെയ്യേണ്ടത് എന്ന ചട്ടവും മാന്യതയും കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ട് പാലിച്ചിട്ടില്ല. കമ്മീഷന്റെ തത്സമയ കർശനമായ നിർദ്ദേശത്തെ തുടർന്ന് പിന്നീട് ഹാജരായ ജൂനിയർ സൂപ്രണ്ട് ജോഷി. കെ.വി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രേഖകൾ വിശദമായി പരിശോധിച്ചതിൽ ശ്രീമതി. മൈഥിലി ചോതിഷ ആവശ്യപ്പെട്ട രേഖകൾ മെഡിക്കൽ കോളേജിൽ നിന്നും 13/08/2019 ന് ബുക്ക് നം. 7698 ലെ റിസീപ്റ്റ് നം. 769760 പ്രകാരം 115 രൂപ ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ 2011 ജനുവരി മുതൽ 2011 ഒക്ടോബർ വരെയുള്ള അക്വിറ്റൻസ് രജിസ്റ്ററിന്റെ കോപ്പിയും 2011 സെപ്റ്റംബർ മാസത്തെ അറ്റൻഡൻസ് രജിസ്റ്ററിന്റെ കോപ്പിയും തനിക്ക് ലഭിച്ചതായി ശ്രീമതി. മൈഥിലി ചോതിഷ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീമതി. മൈഥിലി ചോതിഷ കോഴിക്കോട് മെഡിക്കൽ കോളേജിൽ സമർപ്പിച്ച മേൽ പരാമർശിത അപേക്ഷയിലും സംസ്ഥാന വിവരാവകാശ കമ്മീഷനിൽ 2018 ൽ 11536/എസ്.ഐ.സി-ജി1/2018 നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള പരാതിയിലും പറഞ്ഞിരുന്ന രേഖകളുടെ പകർപ്പുകൾ അവർക്ക് ലഭ്യമായിട്ടുണ്ട് എന്ന് കമ്മീഷന് ബോധ്യപ്പെടുന്നു.

കമ്മീഷന്റെ 04.08.2021 ലെ 11536/എസ്.ഐ.സി. ജി 1/2018-ാം നമ്പർ കത്തിലെ നിർദ്ദേശത്തോടും 19.07.2022 ലെ വിശദീകരണ നോട്ടീസിനോടും പ്രതികരിക്കാതെ അവഗണിക്കുകയും 19.08.2022 സിറ്റിങ്ങിലേക്ക് നേരിട്ട് ഹാജരാകാൻ ക്ഷണിക്കപ്പെട്ടപ്പോൾ തന്റെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ ഇതിലേക്ക് നിയോഗിച്ച് തികച്ചും നിരുത്തരവാദപരവും അവഗണനാപരവുമായ നിലപാട് സ്വീകരിക്കുകയും ചെയ്ത കോഴിക്കോട് മെഡിക്കൽ കോളേജിലെ എസ്.പി.ഐ.ഒ യുടെ നടപടി കമ്മീഷൻ ഗൗരവമായി വീക്ഷിക്കുന്നു. ഭാവിയിൽ

ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ ഹിയറിംഗിൽ പങ്കെടുക്കുന്നതിനായി മെഡിക്കൽ എഡ്യൂക്കേഷനു കീഴിലുള്ള എല്ലാ എസ്.പി.ഐ.ഒ മാർക്കും അപ്പീൽ അധികാരികൾക്കും കർശന നിർദ്ദേശം നൽകി വിവരം കമ്മീഷനെ അറിയിക്കുവാൻ ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷനോട് നിർദ്ദേശിച്ചുകൊണ്ടും ഈ പരാതി ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടും ഇന്നേ ദിവസം (2022, ഓഗസ്റ്റ് മാസം 25-ാം തീയതി) കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി